بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 03.07.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

**03.07.15 ന് ബൈത്തുൽ ഫുതുഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

**ഓരോ ഭാരവാഹിയും ഖിലാഫത്തിന്റെ കൈകളായിക്കൊണ്ട് കടമകൾ നിർവഹിക്കണം. നമ്മളിൽ അർപിതമായ എല്ലാ നിർബന്ധ കടമകളും അമാനത്താണ്. അത് നിർവഹിക്കേണ്ടത് അനിവാര്യമാണ്. അത് നമ്മെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശിയാക്കും.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദ ഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

അല്ലാഹു വിശുദ്ധഖുർആനിൽ നമുക്കു നൽകിയിട്ടുള്ള കൽപനകൾ ഓർമ വെക്കേണ്ടതും ആവർത്തിച്ചുകൊണ്ടിരിക്കേണ്ടതും മറ്റുള്ളവരെ ഓർമിപ്പിക്കേണ്ടതും മുഅ്മിനീംങ്ങ ളുടെ ജമാഅത്തിന്റെ ജോലിയാണ്. മുറബ്ബിമാരും ജമാഅത്ത് ഭാരവാഹികളും ഉൾപ്പെടെ നമ്മളെല്ലാവരും ഇതിൽപ്പെടുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ വ്യവസ്ഥിതിയിൽ ഒരു കേന്ദ്രവ്യവസ്ഥിതിക്കു പുറമെ ഉപസംഘടനകളുടേയും വ്യവസ്ഥിതിയുണ്ട്. ജമാഅത്തിന്റെ കേന്ദ്ര വ്യവസ്ഥിതിയിലും ഉപസംഘടനകളുടെ വ്യവസ്ഥിതിയിലും ദേശീയതലം മുതൽ തദ്ദേശമഹല്ലിന്റെ തലംവരെ ഭാരവാഹികളും നിയമിതരാണ്. ഓരോ ഭാരവാഹിയിൽനിന്നും പ്രതീക്ഷിക്കുന്നത്, അവർ ഖിലാഫത്തിന്റെ കൈകളായിക്കൊണ്ട് ഈ നിർബന്ധകടമകൾ നിർവ്വഹിക്കാൻ ശ്രമിക്കുമെന്നാണ്. അത് വിശാലമായ വ്യാപ്തത്തോടു കൂടിയുള്ള ഖിലാഫത്തിന്റെ ഉത്തരവാദമാണ്. ഇക്കാര്യം എല്ലാ മുറബ്ബിമാരും ഭാരവാഹികളും മനസ്സിലാക്കുകയാണെങ്കിൽ വിപ്ലവകരമായ ഒരു മാറ്റം ജമാഅത്തിൽ ഉണ്ടാകുന്നതായിരിക്കും. അല്ലാഹു എനിക്ക് ഐച്ഛികമായ നിലയിലോ പൂർണമായ നിലയിലോ ജീവിതം വഖ്ഫ് ചെയ്തു സേവനം ചെയ്യാനുള്ള തൗഫീഖ് നൽകിയിരിക്കുന്ന സ്ഥിതിക്ക് മറ്റുള്ളവർക്ക് ഈ കൽപനകൾ ഓർമിപ്പിക്കുന്നതിന് ഞാൻ എത്രത്തോളം സ്വയം അവന്റെ കൽപനകളനുസരിച്ച് പ്രവർത്തിച്ച് മാതൃകയാകാൻ ശ്രമിക്കുന്നുണ്ടെന്നുള്ള ആത്മ പരിശോധന നടത്തേണ്ടതാണെന്ന ബോധം ഉണ്ടാകേണ്ടതാണ്. ഞാൻ കേവലം മറ്റുള്ളവരെ ഓർമപ്പെടുത്തിക്കൊണ്ടിരിക്കുകയും എന്റെ കർമം അതിനു വിരുദ്ധമാകുകയും അല്ലെങ്കിൽ അതിൽ നിന്ന് വിദൂരവുമാണെങ്കിൽ അത് വളരെ ഭയപ്പെടേണ്ട സ്ഥാനമാണ്. ഇസ്തിഗ്ഫാറിന്റെ ആവശ്യമുണ്ട്. അല്ലെങ്കിലും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. പക്ഷേ, ഈ അവസ്ഥ ഉണ്ടാകുമ്പോൾ ധാരാളമായിട്ട് ഇസ്തിഗ്ഫാർ ചെയ്യേണ്ടതായിട്ടു വരുന്നു. ഉപദേശിക്കുക എന്നത് എന്റെ ജോലിയല്ലെന്ന് ഒരു ഭാരവാഹിയും മനസ്സിലാക്കരുത്. നമ്മളിൽ ഓരോരുത്തരും ഇക്കാര്യം വ്യക്തമായും മനസ്സിലാക്കിയിരി ക്കണം. ഓരോ സെക്രട്ടറിമാരും, ഖിയാഫത്ത് സെക്രട്ടറിയാണെങ്കിലും ഉപസംഘടനകളിലെ ഖിദ്മത്തെഖൽഖ് സെക്രട്ടറിയാണെങ്കിലും കളികളുടെ മേൽനോട്ടക്കാരനാണെങ്കിലും, ആരാണെങ്കിലും തന്റെ മാതൃക സ്ഥാപിക്കുക എന്നത് അയാളുടെ ജോലിയാണ്. അയാൾ ഏതെങ്കിലും രീതിയിൽ സേവനമനുഷ്ഠിക്കുകയാണെങ്കിൽ ഈ ജോലി നടക്കുകയാണെങ്കിൽ ഞാൻ മുമ്പേയും പലതവണ പറഞ്ഞിട്ടുള്ളതാണ്. 50%ത്തിലേറേ ജമാഅത്തുകളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അല്ലാഹുവിന്റെ കൽപനകളനുസരിച്ച് നടക്കുന്നവരായിത്തീരാനിടയുണ്ട്. അത് മസ്ജിദുകളിൽ നമസ്കരിക്കാൻ വരുന്നവരാവട്ടെ, മറ്റു ത്യാഗങ്ങളാവട്ടെ, സൃഷ്ടികളോടുള്ള കടമനിർവണത്തിലാവട്ടെ! ഏതു തലത്തിൽ ജമാഅത്തിൽ സേവനം ചെയ്യുന്നയാളായലും താൻ ഈ കൽപന എത്രത്തോളം പാലിക്കുന്നുണ്ടെന്ന് ആദ്യം തന്നിലേക്കൊന്ന് എത്തിനോക്കുക. അവ അയവിറക്കികൊണ്ട് സ്വന്തം അവസ്ഥ നന്നാക്കിത്തീർക്കുക. എന്നിട്ട് മറ്റുള്ളവരോടു പറയുക. ഞാൻ എന്നിൽ പരിശുദ്ധമാറ്റമുണ്ടാക്കാനാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബൈഅത്ത് ചെയ്തിരിക്കുന്നതെന്ന് വാദിക്കുന്ന ഓരോ അഹ്മദിയുടേയും നിർബന്ധകടമയാണ് അല്ലാഹുവിന്റെ കൽപനകൾ നോക്കുകയും ആവർത്തിക്കുകയും വീണ്ടും വീണ്ടും മുമ്പിൽ കൊണ്ടുവരികയും ചെയ്യുക എന്നത്. നമ്മൾ ഇങ്ങനെ പ്രവർത്തിക്കാൻ തുടങ്ങിയാൽ നമുക്ക് വമ്പിച്ചൊരു മാറ്റം ഉണ്ടാക്കാൻ കഴിയും. നമ്മൾ നമ്മളെ സ്വയം പരിഷ്കരിക്കുന്നവരാകുമെന്ന് മാത്രമല്ല പ്രത്യുത ലോകത്തിന് യഥാർഥമായ ധാർമികഗുണങ്ങളുടെ നിലവാരങ്ങളെ സംബന്ധിച്ചും അറിയിച്ചുകൊടുക്കാൻ കഴിയും. അതുകൊണ്ട് ഈ ഭാഗത്തേക്ക് നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹുവിന്റെ കൽപനകൾ കണ്ടെത്തി അതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

കഴിഞ്ഞ ഖുത്ബയിൽ ഒരു മുഅ്മിന് വേണ്ട പ്രത്യേകതകളെക്കുറിച്ച് പറഞ്ഞിരുന്നു. ഇന്നും ഞാൻ ചില കാര്യങ്ങൾ പറയുന്നതാണ്. മനുഷ്യന്റെ പരിഷ്കരണത്തിനുള്ള വലിയൊരു മാർഗമാണ് റമദാൻ മാസം. ഈ മാസം നമ്മെ നമ്മുടെ ഇബാദത്തിലേക്ക് ശ്രദ്ധ തിരിപ്പിക്കുന്ന മാസമാണ്. അതോടൊപ്പം നമ്മുടെ ദൗർബല്യങ്ങളിലേക്കും ശ്രദ്ധ തിരിച്ചുവിടുന്നതും അതിന്റെ പരിഷ്കരണത്തിനുള്ളതുമായ മാസവുമാണ്. അതുകൊണ്ട് ഈ മാസത്തിൽ നമ്മുടെ ദൗർബല്യങ്ങൾ അടയാളപ്പെടുത്തിക്കൊണ്ട് അല്ലാഹുവിന്റെ കൽപനകളെ അയവിറക്കിക്കൊണ്ട് നമ്മുടെ സംസ്കരണത്തിന് പൂർണമായും ശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവരുടെ നിലവാരം വളരെ ഉയർന്നതും വളരെ ഉന്നതവുമായിരിക്കേണ്ടതാണ്. അനുവദനീയമായ കാരണം കൂടാതെ നോമ്പുകൾ ഉപേക്ഷിക്കാൻ പാടുള്ളതല്ല. ഇപ്രകാരംതന്നെ റമദാന്റെ ഉദ്ദേശ്യമായ ആരാധനകർമങ്ങൾ ഉത്തമമായ വർണത്തിൽ പൂർത്തിയാക്കാൻ ശ്രമിക്കേണ്ടതാണ്. ഇതുപോലെ തന്നെ റമദാനോടൊപ്പം വിശുദ്ധഖുർആൻ ധാരാളമായി പാരായണം ചെയ്യുക എന്നതും സുന്നത്താക്കപ്പെട്ടതാണ്.

അതിനാൽ ഖുർആൻ പാരായണത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓരോരുത്തരും അവയിൽനിന്ന് കൽപനകൾ കണ്ടെത്തി അത് സ്വന്തം ജീവിതത്തിൽ നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്. കൂടുതൽക്കൂടുതൽ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിൽ ശ്രദ്ധിക്കേണ്ടതുണ്ട്. ഞാൻ പറഞ്ഞതുപോലെ നമസ്കാരങ്ങളും മറ്റു ഇബാദത്തുകളും അല്ലെങ്കിൽത്തന്നെ ഓരോ മുഅ്മിനും നിർബന്ധമാണ്. അതെ! റമദാനിൽ ഈ ആരാധനാകർമങ്ങളിൽ, നമസ്കാരങ്ങളിൽ കൂടുതൽ ഭംഗി വരുത്താൻ ശ്രമിക്കേണ്ടതാണ്. ഇപ്രകാരംതന്നെ കൂടുതൽക്കൂടുതൽ നമ്മുടെ നാവുകളെ ദൈവസ്മരണയാൽ ആർദ്രമാക്കി വെക്കാനും ശ്രമിക്കേണ്ടതാണ്.

അല്ലാഹുവിന്റെ ദൃഷ്ടി നമ്മുടെ മനസ്സിന്റെ പാതാളംവരെ എത്തുന്നുവെന്ന കാര്യം ഓർക്കേണ്ടതാണ്. അവൻ നമ്മുടെ നിയ്യത്തുകൾ അറിയുന്നു. നമ്മുടെ കർമങ്ങളെ നമ്മുടെ നിയ്യത്തനുസരിച്ച് നോക്കുന്നു. പിന്നീട് നമുക്കു ഈ നിയ്യത്തോടുകൂടി മസ്ജിദുകളിലെ ഹാജറിലേക്കും ആരാധനയിലേക്കും ശ്രദ്ധിക്കേണ്ടതുണ്ട്. അതായത് നമ്മൾ അല്ലാഹുവിനോടുള്ള ഭയം സ്വായത്തമാക്കണം. ഈ മാസത്തിലെ ഇബാദത്തുകളെ വീണ്ടും ജീവിതത്തിന്റെ ഭാഗമാക്കാൻ ശ്രമിക്കുക. തഹജ്ജുദ് നമസ്കരിക്കാൻ ശീലമുണ്ടായിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പകലിലെ നഫ്ലുകൾ അനുഷ്ഠിക്കാൻ ശീലമുണ്ടായിട്ടുണ്ടെങ്കിൽ അവയെ സ്ഥിരമാക്കിക്കൊണ്ടുപോകാൻ ശ്രമിക്കേണ്ടതാണ്. വിശുദ്ധഖുർആനിൽ പറയുന്നു: **യാ അയ്യുഹന്നാസുഅ്ബുദൂ റബ്ബക്കുമുല്ലദീ ഖലഖക്കും വല്ലദീന മിൻ ഖബ്‌ലിക്കും ലഅല്ലക്കും തത്തഖൂൻ**(2:21).

അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ രക്ഷിതാവിനെ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതു സംബന്ധമായി ഒരിടത്തു പറയുന്നു: 'അല്ലയോ ജനങ്ങളേ! നിങ്ങളെ സൃഷ്ടിച്ച നിങ്ങളുടെ ദൈവത്തെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങളെ സൃഷ്ടിച്ചിട്ടുള്ളവനാണ് ആരാധനക്കർഹൻ, അതായത് ജീവിച്ചിരിക്കുന്നവൻ അവൻ തന്നെയാണ്. അവനുമായി ബന്ധം വെക്കുക. അല്ലാഹുവിനോട് ബന്ധം വെക്കുകയും മറ്റുള്ള എല്ലാ വസ്തുക്കളേയും അല്ലാഹുവിനെതിരിൽ ഒന്നുമല്ലാത്തതായി മനസ്സിലാക്കുകയും ചെയ്യുക എന്നതാണ് വിശ്വസ്തത. ജ്ഞാനപരവും വിശ്വാസപരവുമായ ചിന്തയുടെ ബന്ധം നമുക്കറിയാവുന്നതാണ്. അതായത് അല്ലാഹു തന്നെയാണ് നമ്മെ സൃഷ്ടിച്ചത്. അല്ലാഹു തന്നെയാണ് എന്നെന്നും ജീവിച്ചിരിക്കുന്നവൻ. ജീവനുള്ള ദൈവവും അവൻ തന്നെ. അവൻ ദുആകൾ കേൾക്കുന്നു. അവനെ സ്നേഹിക്കേണ്ടതാണ്. പക്ഷേ, ഇങ്ങനെയൊക്കെയായിട്ടും നമ്മളിൽ മിക്കയാളുകളും അല്ലാഹുവുമായി പ്രത്യേകബന്ധം പുലർത്താൻ ശ്രമിക്കാത്തവരാണ്. അതുണ്ടാക്കലാണ് ആവശ്യം. നമ്മുടെ ദൃഷ്ടിയിൽ മറ്റുള്ള ബന്ധങ്ങളെ ഒന്നുമല്ലാതാക്കുന്നത് ആ ബന്ധമാണ്. റമദാനിൽ ഒരു ചുറ്റുപാടിന്റെ സ്വാധീനത്താൽ ഈ ഭാഗത്തേക്ക് ചുവടുകൾ ഉയരാൻ തുടങ്ങുന്നു. പിന്നീട് റമദാനു ശേഷം മിക്കവരുടേയും ചുവടുകൾ പതുക്കെപ്പതുക്കെയായി അവസാനം നിലച്ചുപോകുന്നു.

അതുകൊണ്ട് നമ്മുടെ കർമങ്ങൾകൊണ്ട് അല്ലാഹുവിനു പുറമെ മറ്റുള്ളതെല്ലാം ഒന്നുമല്ലായെന്ന് നമ്മൾ സ്ഥാപിച്ചുകാണിക്കാൻ ശ്രമിക്കേണ്ടതാണ്. ഇക്കാര്യം മനസ്സിലാക്കാൻ തഖ്‌വാ ഉണ്ടാക്കേണ്ടതാണ്.

അല്ലാഹു ഈ ആയത്തിൽ പറഞ്ഞിരിക്കുന്നത് അതായത് നിങ്ങളുടെ ഹൃദയങ്ങളിൽ തഖ്‌വാ ഉണ്ടാക്കുന്നതിനുവേണ്ടി നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ എന്നാണ്. ഇബാദത്തിന്റെ ഉദ്ദേശ്യം വെറും അല്ലാഹുവിനെ തിരിച്ചറിയൽ അല്ല. പ്രത്യുത ദൈവഭയം അഥവാ തഖ്‌വയുണ്ടാക്കി നമ്മുടെ ആത്മീയമായ ഉയർച്ചകൾ കരസ്ഥമാക്കലാണ്. അല്ലാഹുവിന്റെ സിഫത്തുകളുടെ- വിശേഷഗുണങ്ങളുടെ ബോധം കരസ്ഥമാക്കലാണ്. വിശേഷഗുണങ്ങളുടെ ബോധം ഉണ്ടാകുമ്പോഴാണ് എല്ലാ വസ്തുക്കളും അവനെതിരിൽ ഒന്നുമല്ലാതായിത്തീരുന്നത്. നമ്മൾ നമ്മുടെ റബ്ബിനോടുള്ള ആരാധനയുടെ കടമകൾ നിറവേറ്റി അവന്റെ ഈ സിഫത്തിൽ നിന്നു ആത്മീയാടിസ്ഥാനത്തിൽ കൃപാദാനം പ്രാപിക്കുമ്പോൾ തഖ്‌വയിൽ വളരുന്നതാണ്. തഖ്‌വയിൽ വളരുമ്പോൾ നമ്മുടെ ഇബാദത്തുകൾ റമദാനിൽ മാത്രം പരിമിതമായി ഒതുങ്ങുകയില്ല. മറിച്ച് അത് വർഷം മുഴുവനും മുഴുവൻ ആയുസ്സിലും വ്യാപിച്ചുനിൽക്കുന്നതായിരിക്കും. ഈ ചിന്തയോടുകൂടി നമുക്ക് നമ്മുടെ ഇബാദത്തുകളിലേക്ക് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്തു പറയുന്നു: യാഥാർഥ്യമെന്താണെന്നുവച്ചാൽ മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം ഈ ആരാധനയാണ്. അതായത് സൃഷ്ടിപ്പിന്റെ ഉദ്ദേശ്യമിതാണ്.

മറ്റൊരിടത്ത് പറയുന്നു: **'വമാ ഖലഖ്ത്തുൽ ജിന്ന വൽ ഇൻസ ഇല്ലാ ലിയഅ്ബുദൂൻ.** അതായത് ഇബാദത്ത് എന്നു പറയുന്നത്, കർഷകൻ വയലിനെ വൃത്തിയാക്കുന്നതുപോലെ മനുഷ്യൻ എല്ലാ തരത്തിലുള്ള വക്രതകളേയുമകറ്റി മനസ്സിന്റെ മണ്ണിനെ വൃത്തിയാക്കലാണ്. അതിനാൽ നമുക്കെപ്പോഴും ജാഗരൂകരായിക്കൊണ്ട്, നമ്മുടെ ആരാധകളുടെ മേൽനോട്ടം വഹിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ട ആവശ്യമാണുള്ളത്; നമ്മൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടുന്നവരാകാൻ! അങ്ങനെ ആത്മീയാഭിവൃദ്ധിയും കരസ്ഥമാക്കുന്നവരാകാൻ!

പിന്നീട് അല്ലാഹു നമുക്കു തരുന്ന ഒരു കല്പനയിതാണ്:

**യാ അയ്യുഹല്ലദീന ആമനൂ ലാ തഖൂനുല്ലാഹ വർറസൂല വ തഖൂനൂ അമാനാത്തിക്കും വ അൻതും തഅ്‌ലമൂൻ**

വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവിനേയും റസൂലിനേയും വഞ്ചിക്കരുത്. നിങ്ങൾ അറിഞ്ഞുകൊണ്ട് നിങ്ങളുടെ അമാനത്തുകളിലും വഞ്ചന കാട്ടരുത്. (8:28)

ഇതു വളരെ ശ്രദ്ധ അർഹിക്കുന്നതും പ്രധാനപ്പെട്ടതുമായ കല്പനയാണ്. വഞ്ചന വലിയ കാര്യങ്ങളിലും വലിയ പ്രവൃത്തികളിലും മാത്രമല്ല ഉണ്ടാകുന്നത്. പ്രത്യുത ചെറിയ ചെറിയ കാര്യങ്ങളും പ്രവൃത്തികളും മുതൽ വലിയ വലിയ കാര്യങ്ങളും പ്രവൃത്തികളുംവരെ എല്ലാത്തിനേയും വലയം ചെയ്തിട്ടുള്ളതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു പരിശുദ്ധജമാഅത്ത് സ്ഥാപിക്കാനാണ് വന്നത്. അവിടന്ന് തന്റെ ബയ്അത്തിന്റെ നിബന്ധനകളിൽ പ്രത്യേകമായ നിലയിൽ വഞ്ചന കാണിക്കുകയില്ലെന്നും അതിൽനിന്ന് രക്ഷപ്പെടുന്നതാണെന്നും രണ്ടാമത്തെ നിബന്ധനയിൽ നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയിരിക്കുന്നു. ഓരോ തിന്മയും അതു വലുതാവട്ടെ ചെറുതാവട്ടെ അതു തിന്മ തന്നെയാണ്. പക്ഷേ, ചില തിന്മകളുണ്ട്. അത് മറ്റു തിന്മകളേയും പ്രസവിച്ചുകൊണ്ടേപോകുന്നു. വഞ്ചനയും അതിൽപ്പെട്ട ഒന്നാണ്. അല്ലാഹു പറയുന്നു: വഞ്ചനാശീലം പിന്നീട് തങ്ങളുടെ അമാനത്തുകളും നിർബന്ധകടമകളും നിറവേറ്റുന്നതിലും വഞ്ചന ചെയ്യിക്കുന്നു. അല്ലാഹു പറയുന്നു: വഞ്ചകൻ ഒരിക്കലും അല്ലാഹുവിനോടും

അവന്റെ റസൂലിനോടുമുള്ള കടമകൾ നിറവേറ്റുന്നവനാകുകയില്ല. മനുഷ്യരോടുള്ള കടമകൾ നിറവേറ്റുന്നവനുമാകുകയില്ല. ഇതിന്റെ ഫലമായി അത്തരം വ്യക്തിയുടെ ആരാധനകളും അല്ലാഹു സ്വീകരിക്കുകയില്ല. ആരാധകനാകുകയെന്നത് വളരെ അകന്ന കാര്യമാണ്. ഒരു വഞ്ചകൻ വിശ്വാസിയാണെന്നുപോലും പറയാൻ പറ്റുകയില്ല. എന്നല്ല ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം അവന്റെ കൈയിൽനിന്നും നാവിൽനിന്നും മറ്റു മനുഷ്യർ സുരക്ഷിതരായിരിക്കണമെന്നുവരെ ഒരു നിവേദനത്തിൽ വന്നിരിക്കുന്നു.

അതുകൊണ്ട് ഓരോ മനുഷ്യനോടുമുള്ള കടമ നിർവഹിക്കേണ്ടത് ഒരു മുസൽമാന് നിർബന്ധമാണ്. ഒരു കടമ നിറവേറ്റാതിരിക്കുക എന്നത് അവനെ വഞ്ചകനാക്കുന്നു. പിന്നീട് ഒരഹ്മദിക്കുള്ളത് ജമാഅത്ത് വ്യവസ്ഥിതി പാലിക്കലാണ്. തന്റെ ബയ്അത്തുപ്രതിജ്ഞ പാലിക്കേണ്ടത് നിർബന്ധമാണ്. ജമാഅത്തിലെ ഓരോ വ്യക്തിയും അവരവരുടെ ഇജ്തിമാകളിൽ അവർ ജമാഅത്ത് വ്യവസ്ഥിതിയെ പാലിക്കുമെന്ന് പ്രതിജ്ഞ ചെയ്യാറുണ്ട്. ഈ പ്രതിജ്ഞയും ഒരു അമാനത്ത് അഥവാ സൂക്ഷിപ്പുമുതലാണ്. അത് നിറവേറ്റേണ്ടത് നിർബന്ധമാണ്. തന്റെ മുഴുവൻ കഴിവുകളോടുംകൂടി അത് പൂർത്തിയാക്കേണ്ടത് നിർബന്ധമാണ്. ഖിലാഫത്തുമായിട്ടുള്ള ബന്ധവും അനുസരണവും നിർബന്ധമാണ്. അതും പ്രതിജ്ഞയിൽ ആവർത്തിക്കാറുണ്ട്. അമാനത്തുകളോടുള്ള കടമ നിർവ്വഹിക്കലും നിർബന്ധമാണ്. വീട്ടുകാര്യങ്ങളോടും അതായത് ആൺകുട്ടികളും പെൺകുട്ടികളും വിവാഹബന്ധങ്ങളിൽ ബന്ധിക്കപ്പെടുമ്പോൾ പരസ്പരം അവിടേയും കുറച്ചു കടമകൾ വരുന്നുണ്ട്. ആ കടമകൾ നിർവഹിക്കുന്നതും അമാനത്താണ്. നബി(സ) തിരുമേനി ഇതിനെക്കുറിച്ച് എത്രമാത്രം പറഞ്ഞുവെന്നാൽ ഒരാൾ ഒരു സ്ത്രീയെ വിവാഹം കഴിക്കാൻ മഹ്ർ നിശ്ചയിച്ചു, പക്ഷേ, അതു കൊടുക്കുകയില്ലെന്നാണ് അയാളുടെ നിയ്യത്ത്. അങ്ങനെയുള്ളവൻ വ്യഭിചാരിയാണ്. കടം തിരിച്ചുകൊടുക്കുകയില്ല എന്ന നിയ്യത്തോടെ ആരെങ്കിലും കടം വാങ്ങിയാൽ, അവനത് തിരിച്ചു കൊടുക്കുന്നില്ലെങ്കിൽ കള്ളനാണ്. പിന്നീട് നോക്കുക, നബി (സ) തിരുമേനി നമ്മളിൽനിന്ന് അമാനത്ത് പാലിക്കേണ്ടതിന്റെ നിലവാരം എത്രമാത്രം ഉയർത്തിക്കൊണ്ടുപോകാനാണ് ആഗ്രഹിക്കുന്നത്, താക്കീതു ചെയ്തു പറഞ്ഞിട്ടുള്ളത്, പറഞ്ഞു: ഒരു മുസ്‌ലിം സഹോദരൻ ഒരാളോടു അഭിപ്രായം ചോദിച്ചു. അയാൾ ഒന്നും ചിന്തിക്കാതെ അഭിപ്രായം പറഞ്ഞുകൊടുത്തു. അവൻ ആ അഭിപ്രായം ചോദിച്ചവനോട് വഞ്ചന കാണിച്ചിരിക്കുന്നു. അതായത് നിങ്ങൾ എല്ലാ കാര്യങ്ങളും മുമ്പിൽ വെക്കാതെ, ശരിയായ രീതിയിൽ അഭിപ്രായം നൽകിയില്ലായെങ്കിൽ അതു വഞ്ചനയാണ്.

അതുകൊണ്ട് ഇക്കാര്യങ്ങളിൽ വളരെ സൂക്ഷ്മത പാലിക്കേണ്ട ആവശ്യമാണുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) അമാനത്ത് പാലനത്തിന്റെ എന്തു നിലവാരമാണ് കാണാനാഗ്രഹിക്കുന്നത്. ഒരിടത്തു പറയുന്നു: 'ആരാണോ ദുർനോട്ടത്തിൽനിന്നും വഞ്ചനയിൽനിന്നും കൈക്കൂലിയിൽനിന്നും അനുവദനീയമല്ലാത്ത ഓരോ കാര്യങ്ങളിൽനിന്നും തൗബ ചെയ്തു മടങ്ങാത്തത് അവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല.' പറഞ്ഞു, എല്ലാ ഓരോ പുരുഷനും ഭാര്യമാരോടും ഭാര്യ- ഭർത്താവിനോടും വഞ്ചന കാണിക്കുകയാണെങ്കിൽ അവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല.' പിന്നീട് അവിടന്ന് പറഞ്ഞു: 'അല്ലാഹുവിനെ ഏകനായി വിശ്വസിക്കുന്നതോടൊപ്പം, അവന്റെ സൃഷ്ടികളുടെ അവകാശം പിടിച്ചെടുക്കാതിരിക്കേണ്ടതും അനിവാര്യമാണ്. ആരാണോ തന്റെ സഹോദരന്റെ അവകാശം തട്ടിയെടുക്കുന്നത് അവൻ വഞ്ചന കാണിക്കുന്നു. അവൻ **ലാ ഇലാഹ ഇല്ലല്ലാ**യിൽ വിശ്വസിക്കുന്നവനല്ല.' വീണ്ടും അവിടന്നു പറഞ്ഞു: 'അല്ലാഹു വിശുദ്ധഖുർആനിൽ തഖ്‌വായെ വസ്ത്രം എന്നു പേരിട്ടു വിളിച്ചിരിക്കുന്നു. **ലിബാസുത്തഖ്‌വാ** എന്നത് വിശുദ്ധഖുർആന്റെ വാക്കാണ്. അത് സൂചിപ്പിക്കുന്നത് ആത്മീയമായ മനോഹാരിതയും ആത്മീയമായ സൗന്ദര്യവും തഖ്‌വാ മുഖേനയാണുണ്ടാകുന്നത് എന്നാണ്. തഖ്‌വാ ഇതാണ്. അതായത് മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ അമാനത്തുകളും വിശ്വാസപരമായ പ്രതിജ്ഞകളും അപ്രകാരംതന്നെ സൃഷ്ടികളുടെ എല്ലാ അമാനത്തുകളും പ്രതിജ്ഞകളും കഴിയുന്നത്ര നിറവേറ്റുക. അതായത് അവയുടെ അതിസൂക്ഷ്മമായ വശങ്ങളിൽപോലും പ്രവർത്തിക്കുക. അതുകൊണ്ട് അമാനത്തുകളുടെ അതിസൂക്ഷ്മമായ വശങ്ങളെ അന്വേഷിച്ച് കണ്ടെത്തി അതനുസരിച്ച് പ്രവർത്തിക്കലാണ്, നമ്മെ അമാനത്തിനോടുള്ള കടമ നിറവേറ്റുന്നവരാക്കുന്നത്. അതിനുവേണ്ടി നമ്മളാഗ്രഹിക്കുന്നതാണ്. നമ്മളിൽ അർപ്പിതമായിരിക്കുന്ന എല്ലാ കടമകളും ഒരു അമാനത്താണ്. നമ്മളെ എല്പിച്ചിട്ടുള്ള എല്ലാ നിർബന്ധകാര്യങ്ങളും ഒരു അമാനത്താണ്. അതു നിറവേറ്റേണ്ടത് അനിവാര്യമാണ്; നമ്മൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അനന്തരാവകാശിയാകാൻ ആഗ്രഹിക്കുന്നെങ്കിൽ! നമ്മളിലോരോരുത്തരും ഇതിൽ ഒരുപാട് ചിന്തിക്കേണ്ട ആവശ്യമുണ്ട്. വിവരിക്കുന്നതിനുവേണ്ടി അല്ലാഹുവിന്റെ വേറൊരു കല്പന ഞാൻ ഇന്നെടുത്തിട്ടുണ്ട്. അത് സമൂഹത്തിന്റെ സൗന്ദര്യത്തേയും മനോഹരിതയേയും എടുത്ത് കാണിക്കുന്നതാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു:

**അല്ലദീന യുൻഫിഖൂന ഫിസ്സർറായി വള്ളർറായി**
**വൽകാളിമീനൽ ഗയ്ള വൽ ആഫീന അനിന്നാസി**
**വല്ലാഹു യുഹിബ്ബുൽ മുഹ്സിനീൻ.**

ഐശ്വര്യഘട്ടത്തിലും വിഷമഘട്ടത്തിലും ദൈവമാർഗത്തിൽ ധനം ചെലവഴിക്കുന്നവരും കോപം നിയന്ത്രിക്കുന്നവരും ജനങ്ങൾക്കു മാപ്പുചെയ്തുകൊടുക്കുന്നവരുമത്രെ അവർ. അല്ലാഹു സുകൃതവാന്മാരെ ഇഷ്ടപ്പെടുന്നു.(3:115)

മുമ്പേയും പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്, കടമകൾ നിറവേറ്റുക എന്നത് ഓരോ മുസൽമാനും നിർബന്ധമാണ്. ഈ ആയത്തിൽ അല്ലാഹു പറഞ്ഞിരിക്കുന്നു, കടമകൾ നിറവേറ്റുന്നതിന്റെ നിലവാരം എന്തായിരിക്കണമെന്ന്. എന്നല്ല പിന്നോട്ടും മുമ്പോട്ടും പോയിക്കൊണ്ട് നമ്മെ ഉപദേശിച്ചിരിക്കുന്നു. സമൂഹത്തിന്റെ മനോഹാരിത, കടമകൾ നിർവഹിക്കുന്നതിന്റെ മുമ്പിൽ കടന്ന് ത്യാഗമുണ്ടാക്കുന്നു. വെറും കടമ നിറവേറ്റിയാൽ പോര. പ്രത്യുത ചിലപ്പോൾ കടമ നിറവേറ്റുന്നതിന് ത്യാഗവും ചെയ്യേണ്ടിവരുന്നു. ഏതൊരു സമൂഹത്തിൽ ഓരോ മനുഷ്യനും പരസ്പരം കടമ മാത്രം നിർവ്വഹിക്കാതെ പ്രത്യുത ത്യാഗം ചെയ്ത് കടമ നിറവേറ്റാൻ ശ്രദ്ധിക്കുകയാണെങ്കിൽ ആ സമൂഹം യഥാർഥമായ നിലയിൽ സ്വർഗം പോലുള്ള സമൂഹമാണെന്ന് നമുക്ക് പറയാൻ കഴിയുന്നതാണ്. ഇതിന്റെ ദൃശ്യം നമുക്ക് നബി(സ) തിരുമേനിയുടെ സ്വഹാബത്തിൽ കാണാൻ കഴിയുന്നു. ഇതിനെക്കുറിച്ച് അല്ലാഹു പറഞ്ഞു: **വ യുഅ്ഥിറൂന അലാ അൻഫുസിഹിം വലവ് കാനബിഹിം ഖസ്വാസ്വ**(59:10) തങ്ങൾക്കു ദാരിദ്ര്യമുണ്ടെങ്കിൽപ്പോലും അവർ തങ്ങളേക്കാൾ മറ്റുള്ളവർക്ക് മുൻഗണന കല്പിക്കുന്നു. ഇത്തരം ചിന്തയും ഇത്തരം കർമവും ഉണ്ടാകുമ്പോൾ ത്യാഗങ്ങളുടെ ആത്മാവ് രൂപംകൊള്ളുന്നു. തന്റെ

ശരീരേച്ഛയെ മനുഷ്യൻ അടിച്ചമർത്തുന്നു. മറ്റുള്ളവരുടെ ഗുണം ആഗ്രഹിക്കുന്നു. ഉപകാരത്തോടുകൂടി പെരുമാറുകയും ചെയ്യുന്നു. ഈ സ്വാഭാവത്തിന്റെ മഹത്ത്വത്തിനുള്ള ഏറ്റവും ഉന്നതമായ മാതൃക നമുക്കു നബി(സ) ന്റെ ജീവിതത്തിൽ കാണാം; നബി(സ) തിരുമേനി തന്റെ മകളുടെ കൊലപാതകിക്ക് മാപ്പു കൊടുത്തപ്പോൾ!

നിരവധി ഉദാഹരണങ്ങളുണ്ട്. കോപം അടക്കാനും ഉൽകൃഷ്ടസ്വഭാവം പ്രകടിപ്പിക്കാനും നബി(സ) തിരുമേനി തന്റെ സ്വഹാബാക്കൾക്ക് എങ്ങനെയാണ് ശിക്ഷണം നൽകിയത്. നബി (സ) തിരുമേനിയുടെ സ്വന്തം അവസ്ഥയെക്കുറിച്ച് ഹദ്റത്ത് ആയിശ(റ) പറയുന്നു, നബി(സ) തിരുമേനി ഒരിക്കലും തന്റെ മേൽചെയ്യപ്പെട്ട ദ്രോഹങ്ങൾക്ക് പകരം വീട്ടിയിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്തു പറയുന്നു:

**വൽകാളിമീനൽ ഗയ്ള വൽആഫീന അനിന്നാസി**
**വല്ലാഹു യുഹിബ്ബുൽ മുഹ്സിനീൻ.**

കോപത്തെ അടക്കുന്നവനും ദ്രോഹങ്ങൾക്ക് മാപ്പുകൊടുക്കുന്നവനും വ്യർഥമായ കാര്യത്തിന് വ്യർഥമായ മറുപടി നൽകാത്തവനുമാണ് മുഅ്മിൻ അഥവാ സത്യവിശ്വാസി. അവിടന്ന് ജമാഅത്തിനെ ഉപദേശിച്ചുകൊണ്ടു പറഞ്ഞു: ‘ഈ ജമാഅത്ത് രൂപികരിക്കാനുള്ള ഉദ്ദേശ്യം നാവ് ചെവി, കണ്ണ് എന്നല്ല സകല അവയവങ്ങളിലും തഖ്വാ പ്രവേശിച്ചുപോകുക എന്നതാണ്. തഖ്വായുടെ പ്രകാശം അവന്റെ ഉള്ളിലും വെളിയിലുമുണ്ടാകുക എന്നതാണ്. ഉൽകൃഷ്ടസ്വഭാവങ്ങളുടെ ഉയർന്ന മാതൃക ഉണ്ടാകുക എന്നതാണ്. കോപവും വിദ്വേഷവും തികച്ചും ഉണ്ടാകാതിരിക്കുക എന്നതാണ്. ഓരോ ജമാഅത്തിന്റേയും ഒന്നാമത്തെ പരിഷ്കരണം സ്വഭാവത്താലാണ് ആരംഭിക്കുന്നത്. അതുകൊണ്ട് ആരംഭത്തിൽതന്നെ ക്ഷമയോടുകൂടി ശിക്ഷണത്തിൽ അഭിവൃദ്ധിപ്പെടുക. ഏറ്റവും മനോഹരമായ രീതി, ആരെങ്കിലും ചീത്ത പറഞ്ഞാൽ അവനു വേണ്ടി വേദനയോടെ ദുആ ചെയ്യുക എന്നതാണ്; അല്ലാഹു അവന്റെ സ്വഭാവത്തിൽ മാറ്റം വരുത്താൻ! മനസ്സിൽ വിദ്വേഷം ഒരിക്കലും വളർത്തരുത്. ലോകത്തു നിയമമുള്ളതുപോലെ അല്ലാഹുവിനും നിയമമുണ്ട്. ലോകം തന്റെ നിയമം ഉപേക്ഷിക്കുകയില്ലെന്ന് വരുമ്പോൾ, അല്ലാഹു തന്റെ നിയമം എങ്ങനെ ഉപേക്ഷിക്കാനാണ്. അതിനാൽ മാറ്റം ഉണ്ടാകാത്തിടത്തോളം അവന്റെ പക്കൽ നിങ്ങൾക്കൊരു വിലയുമില്ല. മനോഹരമായ വിശേഷഗുണങ്ങളായ സൗമ്യത്തിന്റേയും ക്ഷമയുടേയും പൊറുക്കലിന്റേയും സ്ഥാനത്ത് മൃഗത്തിന്റെ സ്വാഭാവം ഉണ്ടാകുന്നത് അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. നിങ്ങൾ ഈ നല്ല വിശേഷഗുണങ്ങളിൽ അഭിവൃദ്ധിപ്പെട്ടാൽ എത്രയും വേഗം അല്ലാഹുവരെ എത്തുന്നതാണ്.

അല്ലാഹു നമുക്ക് ഈ റമളാനിൽ, നമ്മുടെ സ്വന്തം ആരാധനകളുടെ നിലവാരം ഉയർത്തുന്നതിനോടൊപ്പം, അതിനെ സുസ്ഥിരമാക്കാൻ തൗഫീഖ് നൽകുന്നതിനോടൊപ്പം നമ്മുടെ മറ്റുള്ള സ്വഭാവങ്ങളുടേയും കടമാനിർവ്വഹണങ്ങളുടേയും നിലവാരം സ്ഥാപിക്കാനും അവയെ സുസ്ഥിരമാക്കാനും തൗഫീഖ് നൽകുമാറാകട്ടെ. ഞാൻ പറഞ്ഞതുപോലെ നമ്മുടെ ജമാഅത്തിൽ ഏതെങ്കിലും വിധത്തിൽ പ്രവർത്തിക്കുന്നവൻ ഏറ്റവുമാദ്യം തന്റെ മാതൃക സമർപ്പിക്കേണ്ടതാണ്. വീടുകളിലും വെളിയിലും മാതൃക കാണിക്കേണ്ടതാണ്. ദുആകളിലേക്ക് ഞാൻ വീണ്ടും ശ്രദ്ധ ക്ഷണിക്കുകയാണ്. റമളാനിലെ ആദ്യം ചെയ്ത ഖുത്ബയിലും പറഞ്ഞിരുന്നതാണ്. ഹ്രസ്വമായി വീണ്ടും പറയട്ടെ! ജമാഅത്തിന്റെ അഭിവൃദ്ധിക്കും ശത്രുക്കളുടെ ഭയാനകമായ പദ്ധതികളിൽനിന്ന് രക്ഷപ്പെടുന്നതിനും ഒരുപാട് ദുആ ചെയ്യുക. സ്വന്തം കാര്യത്തിനായി ദുആ ചെയ്യുന്നതോടൊപ്പം ഇസ്ലാമിന്റെ വിജയത്തിനുവേണ്ടിയും ഈ നാളുകളിൽ ഒരുപാട് ദുആ ചെയ്യുക. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.


Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 03.07.15
Malayalam Translation : Mau.Mohammad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha’ath,Sadr Anjuman Ahmadiyya - Qadian, 143516



If Undelivered Please Return To
Ahmadiyya Muslim Jama’at
Baithul Quddoos, G.H.Road
Calicut - 673001,Kerala